**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3659** **05-08-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ മുറ്റത്തെ മുല്ല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ എത്ര കുടുംബശ്രീ യൂണിറ്റുകൾക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മുറ്റത്തെ മുല്ല പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ 282 കുടുംബശ്രീ യൂണിറ്റുകൾ ക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഓരോ കുടുംബശ്രീ യൂണിറ്റിനും ലഭിക്കുന്ന സഹായം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീയുമായി സഹകരിച്ച് നടപ്പി ലാക്കി വരുന്ന “മുറ്റത്തെ മുല്ല” പദ്ധതി പ്രകാരം 1,000/- രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് / വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ച കളിലായാണ് (1 വർഷം) വായ്പ തിരിച്ച ടക്കേണ്ടത്. വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും പ്രാഥമിക കാർഷിക വായ്പ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മത പത്രം ഒപ്പിടുന്നു. ടി സമ്മത പത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാം കക്ഷി കുടുംബശ്രീ അംഗവും മൂന്നാം കക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസ ത്തിലധികം മുടക്കുന്ന പക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽ നിന്നും വായ്പ തുക വസൂലാ ക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധി കാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശത മാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർ |

| | | | |
|---|---|---|---|
| | | | വർഷ ങ്ങളിൽ പുതുക്കി നൽകില്ല. വായ്പ ആവശ്യക്കാരുടെ എണ്ണം അനുസരിച്ച് ഓരോ വാർഡിലേയും ഒന്നു മുതൽ മൂന്നു വരെ കുടുംബശ്രീ യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പി ലാക്കുക. പ്രവർത്തന മികവും വിശ്വാസവുമുള്ള കുടുംബശ്രീ യൂണിറ്റു കൾക്കാണ് വായ്പ ചുമതല നൽകുക. കുടുംബശ്രീ അംഗങ്ങൾ അവരുടെ പ്രദേശത്തെ വായ്പ ആവശ്യക്കാരുടെ വീട്ടിലെത്തി പണം നൽകും. ആഴ്ചതോറും വീടുകളിലെത്തി തിരിച്ചടവ് തുക സ്വീകരിക്കുകയും ചെയ്യും. വായ്പ നൽകുവാൻ ആവശ്യമായ സംഖ്യ കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിനു പരമാവധി 20 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ ക്യാഷ് ക്രെഡിറ്റ് വായ്പയായി അനുവദിക്കും. പുനർ വായ്പ ആവശ്യമുള്ള സംഘങ്ങൾക്ക് 8 ശതമാനം പലിശ നിരക്കിൽ ജില്ല സഹകരണ ബാങ്കുകൾ പുനർ വായ്പ നൽകും. (പലിശനിരക്കിൽ കാലാനു സൃതമായ മാറ്റം ബാധകം) |
| (സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനികളുടെയും സാമ്പത്തിക ചൂഷണത്തിൽ നിന്ന് സാധാരണ ക്കാരും പാവപ്പെട്ടവരുമായ ജന സമൂഹത്തെ മോചിപ്പിക്കുക. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. ജനങ്ങളെ കൂടുതലായി സാമ്പ ത്തിക ഉൾചേർക്കലിലേക്ക് നയി ക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക. |

സെക്ഷൻ ഓഫീസർ